**Sree Padmanabha Swamy Temple**

Mathilakam Office, Ulsavamadom Building, North Nada,
Fort (PO), Thiruvananthapuram-695023
0471 2450 233, 2450 031, 93872 59877
www.spst.in
eospsttvpm@gmail.com | mathilakamofficespst@gmail.com


NO.C.1/SPST/2024/4309

25.12.2024

## ക്വട്ടേഷൻ നോട്ടീസ്

ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിൽ 2025ാം മാണ്ട് സ്വർഗ്ഗവാതിൽ ഏകാദശിയോടനുബന്ധിച്ച് 10.01.2025 ൽ സ്വർഗ്ഗം കടക്കൽ ചടങ്ങിനായി അകത്തെ വടക്കേനടയിൽ അലങ്കാരം നടത്തുന്നതിനും അകത്തെ വടക്കേനടയ്ക്ക് വെളിയിൽ ആർച്ച് കെട്ടി അലങ്കരിക്കുന്നതിനും സ്വർഗ്ഗം കടക്കൽ ചടങ്ങിനോടനുബന്ധിച്ച് അകത്തെ വടക്കേ നടയുടെ മുകളിൽ തട്ടുതിരിച്ച് പട്ടുകെട്ടിയും നല്ല രീതിയിൽ അലങ്കാരം നടത്തുന്നതിന് ആയതിനുള്ള തുക രേഖപ്പെടുത്തി കൊണ്ടുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷനുകൾ 03.01.2025 ന് രാവിലെ 11.00 മണിയ്ക്കകം മതിലകം ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. അന്നേ ദിവസം രാവിലെ 11.30 മണിയ്ക്ക് ക്വട്ടേഷനുകൾ ഹാജരാക്കിയവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്. പരിശോധനയിൽ ഏററവും കുറഞ്ഞ തുകയ്ക്കുള്ള ക്വട്ടേഷൻ അംഗീകരിക്കുന്നതും സമർപ്പിച്ചയാളിന് വർക്ക് ഓർഡർ നൽകുന്നതുമായിരിക്കും. വർക്ക് ഓർഡർ ലഭിച്ചയാൾ ടി പണികൾ 09.01.2025 വൈകുന്നേരം 5 മണിയ്ക്ക് മുൻപ് പൂർത്തീകരിച്ചിരിക്കണം. . തുക കുറവായി കാണുന്ന ക്വട്ടേഷൻ സ്വീകരിക്കാവുന്നതാണെങ്കിലും ക്വട്ടേഷനുകൾ സ്ഥിരപ്പെടുത്താനോ, നിരസ്സിക്കാനോ ഉള്ള അധികാരം എക്സിക്യൂട്ടീവ് ഓഫിസർക്കായിരിക്കും .

ക്വട്ടേഷൻ സമർപ്പിക്കുന്ന സീൽഡ് കവറിന് പുറത്ത് **"സ്വർഗ്ഗവാതിൽ ഏകാദശിയ്ക്ക് സ്വർഗ്ഗം കടക്കൽ ചടങ്ങിനായി അലങ്കാരം നടത്തുന്നതിനുള്ള ക്വട്ടേഷൻ"** എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

മററ് വിശദ വിവരങ്ങൾക്കും, നിബന്ധനകളും ശ്രീ പത്മനാഭ സ്വാമി ക്ഷേത്രം ഓഫിസിൽ നിന്നും പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10.00 മണി മുതൽ 5.00 മണിവരെ നേരിട്ടോ അല്ലെങ്കിൽ 0471.2450233 എന്ന ഫോൺ നമ്പർ മുഖേനയോ, വെബ്സൈററ് മുഖാന്തിരമോ അറിയാവുന്നതാണ്.

എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്- എ.ഓ, എ.എഫ്.ഓ, മാനേജർ, അസി:അക്കൗണ്ട്സ് ഓഫീസർ, സിസ്റ്റം ഓഫിസർ, ആഡിററ്, സി 3 സെക്ഷൻ, നോട്ടീസ് ബോർഡ്, വെബ് സൈററ്, നാലുനടയിലും, ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻ അസ്സിസ്റ്റന്റ്, സ്റ്റോക്ക് ഫയൽ.